## കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ : GR IA(3)205408/2019/GW

തിരുവനന്തപുരം,
തീയതി : 30/11/2020

### കൂട്ടിച്ചേർക്കൽ വിജ്ഞാപനം

01.11.2019–ാം തീയതിയിലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ KAS Officer (Junior Time Scale )Trainee തസ്തികയുടെ വിജ്ഞാപനത്തിൽ ഉൾപ്പെടുന്ന KAS Stream 3 വിഭാഗത്തിന്റെ (കാറ്റഗറി നമ്പർ 188/2019) കൂട്ടിച്ചേർക്കൽ വിജ്ഞാപനമാണിത്. OP KAT No.85/2020 മേലുള്ള ബഹു.ഹൈക്കോടതിയുടെ 14.07.2020 ലെ വിധിന്യായം, 23.11.2020–ലെ ബഹു. സുപ്രീംകോടതി വിധിന്യായം എന്നിവ നടപ്പാക്കുന്നതിനാണ് ഈ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. പൊതു വിദ്യാഭ്യാസ വകുപ്പിലെ ഗസറ്റഡ് വിഭാഗം അധ്യാപക തസ്തികകളിൽ ഉൾപ്പെടുന്നവരിൽ നിന്നുമാണ് ഈ കൂട്ടിച്ചേർക്കൽ വിജ്ഞാപന പ്രകാരം അപേക്ഷകൾ ക്ഷണിക്കുന്നത്. ഈ വിഭാഗത്തിൽ ഉൾപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. ടി വിഭാഗത്തിൽപെടുന്നതും 01.11.2019–ാം തീയതിയിലെ KAS Officer (Junior Time Scale)Trainee Stream 2 (കാറ്റഗറി നമ്പർ : 187/2019) ലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നവരുമായ ഉദ്യോഗാർത്ഥികൾ ഈ വിജ്ഞാപന പ്രകാരം വീണ്ടും അപേക്ഷ സമർപ്പിക്കേണ്ടതില്ല. അപ്രകാരമുള്ളവരുടെ അപേക്ഷകൾ യോഗ്യതയുടെ അടിസ്ഥാനത്തിൽ KAS Stream 3 യിലേയ്ക്ക് പരിഗണിക്കുന്നതായിരിക്കും. അപേക്ഷകരുടെ വിദ്യാഭ്യാസ യോഗ്യത, പ്രായപരിധി, നിയമനരീതി, അപേക്ഷിക്കുന്നതിനുള്ള മറ്റ് വ്യവസ്ഥകൾ എന്നിവയ്ക്ക് അടിസ്ഥാനമാക്കുന്നത് 01.11.2019– ാം തീയതിയിൽ പുറപ്പെടുവിച്ച KAS Officer (Junior Time Scale )Trainee Stream 3 (കാറ്റഗറി നമ്പർ :188/2019)തസ്തികയുടെ വിജ്ഞാപനപ്രകാരമായിരിക്കും, പ്രസ്തുത വിജ്ഞാപനത്തിന്റെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയായ 04.12.2019 അടിസ്ഥാനമാക്കിയായിരിക്കും അപേക്ഷകരുടെ പ്രായപരിധി, യോഗ്യതകൾ എന്നിവയുടെ സ്വീകാര്യത നിർണയിക്കുന്നത്. ഈ കൂട്ടിച്ചേർക്കൽ വിജ്ഞാപന പ്രകാരം Stream 3 യിൽ അപേക്ഷിച്ചവർക്ക് KAS Stream 3 യിലേയ്ക്കുള്ള പ്രാഥമിക പരീക്ഷ **29.12.2020** ആയും, 01.11.2019–ലെ വിജ്ഞാപനപ്രകാരവും കൂട്ടിച്ചേർക്കൽ വിജ്ഞാപനപ്രകാരവും KAS Stream 3 തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിച്ചവർക്ക് ഒരു പൊതു മുഖ്യപരീക്ഷ **2021 ജനുവരി 15, 16** തീയതികളിലായും നടത്തുന്നതാണ്.

**Link:** (കൂടുതൽ വിവരങ്ങൾക്ക് 01.11.2019 ഗസറ്റ് തീയതിയിലെ കാറ്റഗറി നമ്പർ :188/2019 വിജ്ഞാപനം കാണുക. )

**അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 15.12.2020.**

(ഉത്തരവിൻ പ്രകാരം)

**സാജു ജോർജ്ജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## KERALA PUBLIC SERVICE COMMISSION

No : GR IA(3)205408/2019/GW Thiruvananthapuram

Dated.. 30/11/2020

## ADDENDUM NOTIFICATION

This is the Addendum Notification for the post of KAS Officer (Junior Time Scale) Trainee Stream 3 in the Kerala Administrative Service (Cat. No:188/2019) published in the Extra Ordinary Gazette dated 01.11.2019.This Notification is published in compliance with the judgement of Hon'ble High Court dated 14.07.2020 in OP KAT No:85/2020 and the judgement of Hon'ble Supreme Court dated 23.11.2020.

This Addendum Notification is intended to invite applications from Gazetted teaching staff working in the General Education Department. The applications of candidates who do not belong to this category will be summarily rejected. Candidates belonging to this category who had already applied for KAS Stream 2 in the Notification published in the Gazette dated 01.11.2019 (Cat. No:187/2019) need not apply as per this Addendum Notification. The applications of such candidates will be considered for further selection process of KAS Stream 3 subject to their eligibility for the post. The qualification, age limit, method of appointment and other conditions as per this Addendum Notification is based on the norms and conditions laid down in the Gazette Notification dated 01.11.2019 for the post of KAS Officer (Junior Time Scale) Trainee Stream 3 (Cat. No: 188/2019). The qualification and age limit as per this Addendum Notification is based on the last date of receipt of application (ie 04.12.2019) of the Notification published in the Gazette dated 01.11.2019 for the post of KAS Officer (Junior Time Scale) Trainee Stream 3(Cat. No:188/2019). A Preliminary Examination will be conducted on **29.12.2020** for the candidates who applied as per this Addendum Notification and a Common Main Examination for KAS Stream 3 post will be held on **15th and 16th of January 2021** including candidates who applied as per the Notification dated 01.11.2019 and as per this Addendum Notification.

**Link:** (For more details see the Notification published in the Gazette date 01.11.2019- Category No: 188/2019)

**Last date of receipt of application 15.12.2020.**

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/